പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1603 | 21.3.2012 ൽ മറുപടിയ്ക്ക്

## പച്ചക്കറിസംഭരണവും വിതരണവും

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ.പി. സി. വിഷ്ണുനാഥ്:<br>ശ്രീ. എ. റ്റി. ജോർജ്: | ***ശ്രീ. കെ.പി.മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് ഉതകുന്ന സംവിധാനങ്ങൾ നടപ്പാക്കികൊണ്ടിരിക്കുന്നു.<br>സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടു വന്ന് ലേലം നടത്തി വിപണനം ചെയ്യുന്നു. ഇതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി തിരിക്കുകയും ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ഗ്രൂപ്പിൽ നിന്നും ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം ചെയ്യുകയും ചെയ്യുന്നു. ഉൽപ്പന്നങ്ങൾ തരം തിരിച്ച് |

ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിച്ചതിനു ശേഷമാണ് വിപണനം ചെയ്യുന്നത്. പ്രസ്തുത ലേലങ്ങളിൽ വില താഴ്ത്താതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പ് പങ്കു ചേരുന്നു. ലേലത്തിൽ വിറ്റു പോകാത്ത ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വീതം 2010-11, 2011-12 വർഷങ്ങളിൽ പ്രവർത്തന ഫണ്ടായി ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ സംഭരണ വിതരണ കേന്ദ്രങ്ങൾ 9 ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. ടി ജില്ലകളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ച ക്കറികളും സംസ്ഥാനത്തെ 6 കാർ ഷികമൊത്തവ്യാപാര വിപണി കളിൽ എത്തിക്കുന്ന ഉൽപ്പന്നങ്ങളും ന്യായ വില നൽകി ഹോർട്ടികോർപ്പ് സം ഭരിച്ച് ഹരിതാ സ്റ്റാൾ ഹരിതാ സൂപ്പർമാർക്കറ്റുകൾ, സഞ്ചരിക്കുന്ന വിൽപ്പന ശാലകൾ എന്നിവയിലൂടെ ഉപഭോക്തക്കൾക്ക് എത്തിച്ച് വരുന്നു. സംസ്ഥാനത്ത് 9 ജില്ലകളിലായി 97 ചില്ലറ വിൽപ്പന കേന്ദ്രങ്ങളാണ് കോർ പ്പറേഷനുള്ളത്.

വി.എഫ്.പി.സി.കെ.യും പച്ചക്കറി സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തി ക്കുന്നതിനുള്ള സംവിധാനങ്ങൾ കേര ളത്തിലുടനീളം വിപുലമായി നടത്തി വരുന്നു. 271 സ്വാശ്രയ കർഷക വിപ

| | |
|---|---|
| | ണികൾ നിലവിൽ വി.എഫ്.പി.സി.കെയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്നതിനായി 16 ചില്ലറ വില്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്..<br><br>ഇതിനു പുറമെ ഉൽസവ സീസണുകളിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ സർക്കാർ ഏജൻസികളും പച്ചക്കറി വിപണ മേളകൾ / ചന്തകൾ സംഘടിപ്പിക്കാറുണ്ട്. |
| (ബി) കൃഷിവകുപ്പ് നിശ്ചയിക്കുന്ന തറവിലയ്ക്ക് കൃഷിക്കാരിൽ നിന്നും സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം വില സ്ഥിരതാഫണ്ടിൽ നിന്നും നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) കൃഷി വകുപ്പ് നിശ്ചയിക്കുന്ന തറവിലക്ക് കൃഷിക്കാരിൽ നിന്നും പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ഹോർട്ടികോർപ്പിന് 50 ലക്ഷം രൂപ വീതം 2010-11, 2011-12 വർഷങ്ങളിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്.<br><br>കൂടാതെ ഉൽസവ സീസണുകളിലും മേളകൾ/ ചന്തകൾ സംഘടിപ്പിച്ച് കൃഷി വകുപ്പ് നിശ്ച യിക്കുന്ന തറവിലക്ക് പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തുന്ന ഏജൻസികൾക്ക് (ഹോർട്ടികോർപ്പ്,വി.എഫ്.പി.സി.കെ, എസ്.എച്ച്.എം) മാർക്കറ്റ് |

ഇന്റർവെൻഷൻ പദ്ധതിയിലൂടെ നഷ്ടം നികത്തികൊടുക്കുന്നു.

| | | | |
|---|---|---|---|
| (സി) | സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടി കോർപ്പ് മുഖേനവില്പന നടത്തുന്ന കാര്യം പരിശോധിക്കുമോ ? | (സി) | കാർഷിക മൊത്തവ്യാപാര വിപണികളിൽ നിന്നും, സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന തന്നെയാണ് ഇപ്പോൾ വിറ്റഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ